**കേരള സർക്കാർ**

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ്- ജീവനക്കാര്യം- വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (COPA) തസ്തികയിലെ നിയമനത്തിന് ബി. ടെക് (ഇൻഫർമേഷൻ ടെക്നോളജി) ബിരുദം തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ (എം.എസ്) 50/2016/തൊഴിൽ** **തിരുവനന്തപുരം, തീയതി 27.02.2016**

---

പരാമർശം:
1. ജി.ഒ (എം.എസ്) നം. 145/2015/തൊഴിൽ തീയതി 23.09.2015
2. ശ്രീ. തസ്ലീം. കെ.എം. കളമശ്ശേരി -യുടെ09.11.2015 ലെ നിവേദനം
3. ട്രെയിനിംഗ് ഡയറക്ടറുടെ 01.01.2016 ലെ എഫ് 1/32818/15 നമ്പർ കത്ത്

## <u>ഉത്തരവ്</u>

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ബി. ടെക് (ഇൻഫർമേഷൻ ടെക്നോളജി) ബിരുദം നേടിയിട്ടുള്ള കളമശ്ശേരി നിവാസി ശ്രീ. തസ്ലീം കെ.എം, വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (COPA) ട്രേഡിലേക്കുള്ള എഴുത്തുപരീക്ഷ പാസ്സായിട്ടുണ്ട്. എന്നാൽ, ടിയാൾ നേടിയ ബിരുദം ടി. തസ്തികയുടെ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള യോഗ്യതയ്ക്ക് സ്വീകാര്യമാണെന്ന് തെളിയിക്കുന്ന സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുകയാണെന്നും ആയത് പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും ടിയാൾ പരാമർശം 2 മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം COPA ട്രേഡിലെ യോഗ്യത ഇപ്രകാരമാണ്.

1. Pass in SSLC or equivalent qualification and
2. a. NTC in the particular trade with 3 year experience after obtaining the certificate.

   OR

   b. NAC in the particular trade with one year experience certificate.

   OR

   c. Diploma in the appropriate branch of Engineering from a Govt. recognised Polytechnic or its equivalent qualification.

ടി. ട്രേഡിന്റെ യോഗ്യതയായി DGET നിഷ്കർഷിച്ചിട്ടുള്ളതിൽ

a. Degree in Computer Engineering/IT, MCA, NIELIT with one year of relevant experience എന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ കേരളാ ക്രാഫ്റ്റ്സ്മാൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ Degree in Computer Engineering/IT എന്നത് പരാമർശിച്ചിട്ടില്ല. 1972 ലെ ടി. സ്പെഷ്യൽ റൂൾ പുതിയ ട്രേഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

ഐ.ടി.ഐ കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതും, ആയതിലേക്കുള്ള ഇൻസ്ട്രക്ടർമാരുടെ യോഗ്യതകൾ നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരിനു കീഴിലുള്ള DGET ആണ്. COPA ട്രേഡിന് DGET നിശ്ചയിച്ചിരിക്കുന്ന യോഗ്യതകളിൽ B Tech Information Technology യും ഉൾപ്പെടുത്തിയിട്ടുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (COPA) തസ്തികയിലെ നിയമനത്തിന് കമ്പ്യൂട്ടർ സയൻസ് ബിരുദം തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ ഒരിക്കൽ പരിശോധിക്കുകയും, സെക്രട്ടേറിയറ്റ്, പി.എസ്.സി തുടങ്ങിയ വകുപ്പുകളിൽ അസിസ്റ്റന്റ് നിയമനത്തിന് ആവശ്യമായ ഡിപ്ലോമാ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ യോഗ്യതയ്ക്ക് തുല്യമായി/ഉയർന്ന യോഗ്യതയായി BSc Computer Science പരിഗണിച്ചുവരുന്നുണ്ട് എന്നതും കണക്കിലെടുത്ത് വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (COPA) ട്രേഡിലേക്ക് ആവശ്യപ്പെട്ടിട്ടുള്ള യോഗ്യതകളിൽ Diploma in the appropriate branch of engineering from a Government or Government recognized polytechnic or its equivalent qualification എന്നതിന് തത്തുല്യമായി BSc Computer Science ബിരുദവും പരിഗണിക്കുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതേ കീഴ്വഴക്കം പരിഗണിച്ച് വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (COPA) ട്രേഡിലേക്ക് ആവശ്യപ്പെട്ടിട്ടുള്ള യോഗ്യതകളിൽ Diploma in the appropriate branch of engineering from a Government or Government recognized polytechnic or its equivalent qualification എന്നതിന് തത്തുല്യമായി B Tech (ഇൻഫർമേഷൻ ടെക്നോളജി) ബിരുദവും പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്. ഗിരി പ്രേം ആനന്ദ്
അഡീഷണൽ സെക്രട്ടറി

ശ്രീ. തസ്ലിം. കെ.എം, കാഞ്ഞിരത്തിങ്കൽ ഹൗസ്, കൈരളി നഗർ, മൂലേപ്പാടം റോഡ്, കളമശ്ശേരി - 683104

സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E/DB Cell), തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (നം. 974/ആർ 2/16/ഉഭപവ തീയതി 23.01.16 പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ